# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3460** **15.7.2015-ൽ** മറുപടിക്ക്

**ദേശീയ ആരോഗ്യമിഷനിൽ നിന്നും പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ വിഹിതം**

**ചോദ്യം** — ശ്രീ. കെ.എൻ.എ. ഖാദർ

**മറുപടി** — **ശ്രീ.വി.എസ്.ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേശീയ ആരോഗ്യമിഷനിൽ നിന്നും സംസ്ഥാനത്തിന്റെ ആരോഗ്യ ബഡ്ജറ്റ് വിഹിതമായി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (PIP) പ്രകാരം എത്ര കോടി രൂപയ്ക്കാണ് ശുപാർശ ചെയ്തിരുന്നത് ; അതിൽ എത്ര തുക ലഭിച്ചിട്ടുണ്ട് ; മുൻവർഷത്തെ അപേക്ഷയിൽ എത്ര രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട് ; | (എ) | ദേശീയ ആരോഗ്യമിഷനിൽ നിന്നും ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ പ്ലാനായി 587.14 കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചത്. ഇതിൽ സംസ്ഥാനത്തിന്റെ വിഹിതമായി 120 കോടി രൂപയാണ് സംസ്ഥാനം വകയിരുത്തിയിരിക്കുന്നത് ഇതിൽ 20 കോടി രൂപ നൽകാൻ ഉത്തരവ് ആയിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 20 കോടി രൂപ കൂടുതലാണ്. |
| (ബി) | പദ്ധതി വിഹിതത്തിലുണ്ടായ കുറവ് സംസ്ഥാനത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; കേന്ദ്രത്തിൽ നിന്നും കൂടുതൽ തുക നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) | കൂടുതൽ തുക കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കാനായി സപ്ലിമെന്ററി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (Supplementary PIP) തയ്യാറാക്കി വരുന്നു. കേന്ദ്രത്തിൽ നിന്നും കൂടുതൽ തുക നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | Non Communicable Diseases (NCDs) ന്റെ പ്രതിരോധത്തിനായി സർക്കാർ ദേശീയ ആരോഗ്യ മിഷനിൽ നിന്നും എന്ത് തുകയുടെ ശുപാർശയാണ് സമർപ്പിച്ചിരുന്നത് ; എത്ര തുക അനുവദിച്ചു ; കൂടുതൽ തുക നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | Non Communicable Diseases (NCDs) ന്റെ പ്രതിരോധത്തിനായി 32.44 കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 17.26 കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രം ശുപാർശ ചെയ്തത്. കേന്ദ്രപദ്ധതി വിഹിതം 12.44 കോടി രൂപയാണ്. കൂടുതൽ തുക കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കാനായി സപ്ലിമെന്ററി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (Supplementary PIP) തയ്യാറാക്കി വരുന്നു. കേന്ദ്രത്തിൽ നിന്നും കൂടുതൽ തുക നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**